**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

കൂട്ടിച്ചേർക്കൽ/തിരുത്തൽ വിജ്ഞാപനം

നമ്പർ: DR2-3/3/2024-KPSC തിരുവനന്തപുരം, 2025 ഫെബ്രുവരി 12

30.10.2024 തീയതിയിലെ അസാധാരണ ഗസറ്റിൽ കാറ്റഗറി നമ്പർ 419/2024 ആയി പ്രസിദ്ധപ്പെടുത്തിയ മലപ്പുറം ജില്ലയിലെ വിവിധ വകുപ്പുകളിലെ ഡ്രൈവർ ഗ്രേഡ് II (LDV) ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (LDV) (ഒന്നാം എൻ.സി.എ. വിശ്വകർമ്മ) തസ്തികയുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിലെ ഇനം 7 (iv)-ന് താഴെ കുറിപ്പ് 1 -ൽ ചേർത്തിട്ടുള്ള "ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല" എന്ന വ്യവസ്ഥ നീക്കം ചെയ്തുകൊണ്ടും പകരം താഴെപ്പറയുന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടും ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

"ഈ തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളിൽ 17.10.2024 തീയതിയിലെ G.O(P)No.13/2024/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയ്ക്ക് ഭിന്നശേഷി സംവരണത്തിന് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള ASD(M,MoD), ID(M), SLD എന്നീ വിഭാഗങ്ങളിൽപ്പെട്ടവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. മറ്റ് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിക്കുന്നതാണ്"

കാറ്റഗറി നമ്പർ 419/2024 വിജ്ഞാപന പ്രകാരമുള്ള യോഗ്യതയുള്ളവരും മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷി വിഭാഗങ്ങളിൽപ്പെട്ട അർഹരായവരുമായ ഉദ്യോഗാർത്ഥികൾക്ക് മാത്രം 15.03.2025 മുതൽ 24.03.2025 അർദ്ധരാത്രി വരെ ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പ്രസ്തുത വിജ്ഞാപനം മേൽ പറഞ്ഞ പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു. വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

***സാജു ജോർജ്ജ്***

സെക്രട്ടറി

കേരള പബ്ലിക് സർവീസ് കമ്മീഷൻ

**KERALA PUBLIC SERVICE COMMISSION**
ADDENDUM/ERRATUM NOTIFICATION

No. DR2-3/3/2024-KPSC Dated, Thiruvananthapuram, 12th February 2025

It is hereby notified that in the notification for selection to the post of Driver Gr II (LDV) Driver Cum Office Attendant (LDV) (1st NCA – Viswakarma) in Various departments in Malappuram district published in the Gazette dated 30.10.2024 as Category number 419/2024 the clause "Differently abled candidates are not eligible to apply for the post" under item 7(iv) Note 1 is deleted and instead the following clause is added.

"From among the Differently Abled candidates applying for the post only those Differently abled candidates belonging to ASD(M,MoD), ID(M), SLD categories which are identified for 4% reservation for the said post as per G.O(P)No.13/2024/SJD dated 17.10.2024 will be considered for selection. Applications of candidates belonging to other differently abled categories will be summarily rejected"

Eligible candidates belonging to differently abled categories as per the Government Order mentioned above and qualified as per Category number 419/2024 notification only can submit online application through One Time Registration from 15.03.2025 to 24.03.2025 upto midnight.

The aforesaid notification stands modified to the above extent. All other conditions of the notification remain unchanged.

(By Order of the Commission)

SAJU GEORGE
SECRETARY
KERALA PUBLIC SERVICE COMMISSION